**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡേറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ തെറ്റുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റിയെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ തെറ്റുകൾ സംഭവിച്ചുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട് .<br><br>തെറ്റായി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ, ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കുന്നതിന് ആർ.ഡി.ഒ/ പ്രാദേശികതല നിരീക്ഷണ സമിതിക്കു ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച്, നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഉത്തരവ് നൽകുന്ന കേസുകളിൽ, തുടർന്ന്, തരം മാറ്റത്തിനായി ചട്ട പ്രകാരമുള്ള ഫാറം 6/7 എന്നിവയിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കൊണ്ട്, ഭൂമി തരം മാറ്റം സംബന്ധിച്ച്, റവന്യൂ ഡിവിഷണൽ ആഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | ഭൂമി തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്ന് നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2008-ന് മുമ്പ് തന്നെ ഭൂമി പരിവർത്തനപ്പെട്ടിരുന്നുവെന്ന് തെളിയിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള രേഖകളുടെ ആധികാരികത പരിശോധിച്ചും, അപേക്ഷകൾ നെൽവയലുകൾ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ആഫീസറുടെയും, തണ്ണീർത്തടങ്ങൾ സംബന്ധിച്ചാണെങ്കിൽ വില്ലേജ് ആഫീസറുടെയും, റിപ്പോർട്ട് ലഭ്യമാക്കിയും, ഭൂമിയുടെ നിലവിലെ സ്ഥിതി നേരിൽ പരിശോധിച്ചും, കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടു കൂടിയും, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ്, ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | റവന്യൂ ഡിവിഷണൽ ആഫീസർ പുറപ്പെടുവിക്കുന്നതാണ്. |
| (സി) | ഇപ്രകാരം തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി വേഗത്തിൽ തരം മാറ്റി കിട്ടുന്നതിന് ഭൂമി തരം മാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | തെറ്റായി ഉൾപ്പെട്ട ഭൂമി, ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ, ചട്ടം 4 ഡി പ്രകാരം, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുൻപാകെ ഫോറം-5 ലും, ചട്ടം 4(vi) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതി മുൻപാകെയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പ കല്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ചും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ തയ്യാറാക്കി നല്കിയിട്ടുള്ളതാണ്.<br>നികുതി രസീതിന്റെ പകർപ്പ്, ആധാരത്തിന്റെ പകർപ്പ്, അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ ഏത് വിഭാഗത്തിൽ (Paddy/Wet/Converted...etc) ഉൾപ്പെടുന്നുവെന്ന കൃഷി ഓഫീസറുടെ സാക്ഷ്യ പത്രം, എന്നീ രേഖകൾ സഹിതമാണ് ഫാറം 5 ലുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. മേൽ പ്രകാരമുള്ള, ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ഫാറം-5 ലുള്ള അപേക്ഷ, നിലവിൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.<br><br>ഇപ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിക്കുന്ന അപേക്ഷ, ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം, ചട്ടം 4 (ഇ)യിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയിരുന്നാൽ കൃഷി ഓഫീസിലേക്കും, Wet എന്ന് രേഖപ്പെടുത്തിയിരുന്നാൽ വില്ലേജിലേക്കും റിപ്പോർട്ടിനായി അയക്കുന്നു. വില്ലേജ് ഓഫീസർ/ കൃഷി ഓഫീസർ, സ്ഥല പരിശോധന, രേഖകളുടെ പരിശോധന എന്നിവ പൂർത്തിയാക്കി, ആർ.ഡി.ഒ.ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കിക്കഴിഞ്ഞാൽ തരം മാറ്റത്തിനായി ചട്ട പ്രകാരമുള്ള ഫാറം 6/7 എന്നിവയിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു കൊണ്ട്, ഭൂമി തരം മാറ്റം സംബന്ധിച്ച്, റവന്യൂ ഡിവിഷണൽ ആഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ